LIBRARY ARCHIVES Kerala Legislative Assembly

സമഗ്ര ഭാഷാ നിയമം

26 (6172) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമഗ്ര ഭാഷാ നിയമം പാസ്സാക്കാനാവശ്യമായ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിനുശേഷം ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) മലയാളഭാഷയുടെ ഉപയോഗവും സാധ്യതകളും ഉറപ്പാക്കാൻ സമഗ്ര ഭാഷാ നിയമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയുടെ 2-9-2013-ലെ യോഗത്തിൽ സമഗ്രമായ ഒരു ഭാഷാ നിയമം ഉണ്ടാക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുകയും തുടർ നടപടികൾക്കായി ഔദ്യോഗിക ഭാഷാ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് ആദ്യപടിയായി ഇത് സംബന്ധിച്ച പ്രാഥമിക രൂപരേഖ തയ്യാറാക്കുകയുണ്ടായി. പ്രസ്തുത പ്രാഥമിക രൂപരേഖയുടെയും നിയമസഭാ സമിതിയുടെ ഭാഷാ നിയമം സംബന്ധിച്ച റിപ്പോർട്ടിന്റെയും പകർപ്പുകൾ ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അഭിപ്രായത്തിനായി നൽകുകയും ചെയ്തിട്ടുള്ളത്. എന്നാൽ, സാംസ്കാരികം, നിയമം, പൊതുഭരണം, ,പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകൾ മാത്രമാണ് ഇക്കാര്യത്തിലുള്ള അഭിപ്രായം ലഭ്യമാക്കിയിട്ടുണ്ട്. 1-7-2014-ാം തീയതിയിലെ മന്ത്രിസഭാ യോഗതീരുമാനപ്രകാരം ഇതുസംബന്ധിച്ച ഫയൽ നിയമ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

(സി) പരിശോധിക്കുന്നതാണ്.

ഭരണഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

27 (6173) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഭാഷ മലയാളം ആക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മലയാളം ഭരണഭാഷയാക്കി ഉത്തരവ് ഇറക്കിയിട്ടും ആയത് പാലിക്കാത്ത ഉദ്യോഗസ്ഥരുടെമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടംഘട്ടമായി

73 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/ സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷാ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സംസ്ഥാനതല സമിതിയും വകുപ്പുതലവന്റെ അദ്ധ്യക്ഷതയിലുള്ള വകുപ്പുതല സമിതിയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല സമിതിയും തഹസിൽദാരുടെ അദ്ധ്യക്ഷതയിലുള്ള താലൂക്കുതല സമിതിയും പ്രവർത്തിച്ചു വരുന്നു. പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിൽക്കൂടി ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പുതല പദകോശം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സർക്കാർ വെബ് സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനും മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഉദ്യോഗസ്ഥർക്ക് ദ്വിദിന ഭരണഭാഷാ പരിശീലനവും നൽകിവരുന്നുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

സെക്രട്ടറിയേറ്റിലെ ഹാജർനില

28 (6174) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബയോമെട്രിക് സംവിധാനം സ്ഥാപിച്ചതിനുശേഷം സെക്രട്ടേറിയറ്റിൽ ജീവനക്കാർ കൃത്യസമയത്ത് ഹാജരാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(ബി) കൃത്യസമയത്ത് ഹാജരാകുന്നതിൽ വീഴ്ചവരുത്തിയ ജീവനക്കാർക്കെതിരെ ഈ സർക്കാർ അധികാരമേറ്റതിനുശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ബയോമെട്രിക് സംവിധാനം സ്ഥാപിച്ചതിനുശേഷം സെക്രട്ടേറിയറ്റിലെ ജീവനക്കാർ കൃത്യസമയത്ത് ഹാജരാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സെക്രട്ടേറിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും അവലോകനയോഗങ്ങൾ നടത്താറുണ്ട്. കൃത്യത ഉറപ്പുവരുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ജീവനക്കാർക്ക് യഥാസമയം നൽകുന്നുമുണ്ട്.

(ബി) കൃത്യസമയത്ത് ജോലിക്ക് ഹാജരാകുന്നതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു) വകുപ്പിലെ അസിസ്റ്റന്റായിരുന്ന ശ്രീമതി ആശാ സൂസൻ ജേക്കബിനെ സസ്പെന്റ് ചെയ്തിട്ടുണ്ട് ലിഫ്റ്റ് ഓപ്പറേറ്ററായ ശ്രീ. ജോസഫ് പയസിനെതിരെ അച്ചടക്ക നടപടി

LIBRARY ARCHIVES Kerala Legislative Assembly